# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3719

25.06.2013- ലെ മറുപടിക്ക്

## സഹകരണ വകുപ്പിനു കീഴിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ

(എ) സഹകരണ വകുപ്പിനു കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ ഏതെല്ലാമാണ്; സഹകരണ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുവാനും ജനങ്ങൾക്ക് സഹകരണ പ്രസ്ഥാനങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ കൂടുതൽ ലഭിക്കുവാനും സർക്കാർ ആവിഷ്കരിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കുമോ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) സഹകരണ വകുപ്പിന് കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച പുതിയ സംരംഭങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

(1) കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ 660 നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 67 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, 15 നീതി മെഡിക്കൽ സ്റ്റോറുകൾ, 3 ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോറുകൾ, 138 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എന്നിവ ആരംഭിക്കുകയും, ഉത്സവകാലങ്ങളോടനുബന്ധിച്ച് 25,095 സഹകരണ വിപണന കേന്ദ്രങ്ങൾ നടത്തുകയും ചെയ്തു. ത്രിവേണി മിനറൽ വാട്ടർ വിപണിയിലെത്തിച്ചു.

(2) ടൂറിസം വികസനത്തിനായി ടൂർഫെഡ് എന്ന അപ്പക്സ് സ്ഥാപനം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു.

(3) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന പൊതു ജനങ്ങളിൽ നിന്ന് നിക്ഷേപ സമാഹരണം നടത്തുന്നതിന് അനുമതി നൽകി പദ്ധതി നടപ്പിലാക്കി.

(4) വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീം നടപ്പിലാക്കി. ഇതിനായി നിക്ഷേപ സുരക്ഷാ ബോർഡ് ആരംഭിച്ചു.

(5) കോ-ഓപ്പറേറ്റീവ അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ ആഭിമുഖ്യത്തിൽ പത്തനാപുരം എൻജിനീയറിംഗ് കോളേജിൽ 4 പുതിയ കോഴ്സുകൾ ആരംഭിച്ചു. 5 എൻജിനീറിംഗ് കോളേജുകളിൽ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം അനുവദിച്ചു. പെരുമൺ എൻജിനീയറിംഗ് കോളേജിൽ എം. ടെക് കോഴ്സ് ആരംഭിച്ചു.

(6) സംഘങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘ കാലമായി ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നൽക്കുന്ന ഇുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്ത് സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 'ഉണർവ്വ് 2012' എന്ന തീവ്രയത്ന പരിപാടി നടപ്പിലാക്കി വരുന്നു.

(7) സഹകരണ റിസ്ക് ഫണ്ട് പദ്ധതി ഭേദഗതി വരുത്തി നടപ്പിലാക്കി.

(8) സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വല മാക്കുന്നതിനായി 'എന്റെ സംഘം' പദ്ധതി നടപ്പിലാക്കി.

(9) സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം നിർമ്മിക്കു ന്നതിനായി തിരുവനന്തപുരത്ത് സ്ഥലം അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(10) 2011, 2012 വർഷങ്ങളിൽ 'ആശ്വാസ് പദ്ധതി' (കുടിശ്ശിക നിവാരണ പദ്ധതി) നടപ്പിലാക്കി.

(11) 2011, 2012 വർഷങ്ങളിൽ നിക്ഷേപ സമാഹ രണം നടത്തി. ഇപ്പോഴത്തെ ആകെ നിക്ഷേപം 95,500 കോടി രൂപയാണ്.

(12) ത്രിതല വായ്പാ സംവിധാനത്തിന്റെ പ്രവർത്തനം, ഘടന, ജനറൽ മാർക്കറ്റിംഗ്, റബ്ബർ മാർക്കറ്റിംഗ് സംഘങ്ങളുടെ പ്രവർത്തനം, പട്ടിക ജാതി/പട്ടിക വർഗ്ഗ സംഘങ്ങളുടെ പ്രവർത്തനം, വനിതാ സംഘങ്ങളുടെ പ്രവർത്തനം, വനിതാ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിവിധ പഠന സമിതികൾ രൂപീകരിച്ചു.

(13) ഏഴാം സഹകരണ കോൺഗ്രസ്, എക്സിബിഷൻ എന്നിവ നടത്തി.

(14) സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു.

(15) നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നെല്ല് സംസ്കരണ യൂണിറ്റ് നവീകരിച്ചു.

(16) കീഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക് ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു.

(17) നീലൂർ സർവ്വീസ് സഹകരണ ബാങ്ക് പോളിഹൗസ് ആരംഭിച്ചു.

(18) സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡ് റീജിയണൽ ആഫീസ് വടക്കാഞ്ചേരിയിൽ പ്രവർത്തനം ആരംഭിച്ചു.

(19) തൃശ്ശൂർ തലപ്പിള്ളി താലൂക്കിൽ കൺസ്യൂമർ ഫെഡിന്റെ റീജിയണൽ ആഫീസ് ആരംഭിച്ചു.

(20) കൊയിലാണ്ടി താലൂക്കിൽ ഒരു ഹൈടെക് ഫാമിംഗ് പദ്ധതി ആരംഭിച്ചു.

(21) സാഹിത്യ പ്രവർത്തക സഹകരണ സംഘം 600 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

കൂടാതെ, താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

1) കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കർഷക സേവന കേന്ദ്രം പദ്ധതി.
2) ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കേരളത്തിലെ ഹോർട്ടികൾച്ചർ വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'ഹൈടെക് ഫാമിംഗ് പദ്ധതി.'
3) എല്ലാ തലങ്ങളിലുമുള്ള സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് 'ധാരാ പദ്ധതി'.
4) കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 'ഉത്തേജന പലിശ ഇളവ് പദ്ധതി'.
5) കാർഷിക മേഖലയിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനവും കാർഷിക മേഖലയിലെ സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനവും ഏകോപിക്കുന്നതിനായി ഏജൻസി ഫോർ പ്രൊമോഷൻ ഓഫ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ക്രെഡിറ്റ് എന്ന സ്ഥാപനം രൂപീകരിക്കുന്നത്.
6) പത്തനംതിട്ട ജില്ലയിൽ ആറന്മുളയിലും, തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിലും, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും ഓരോ എൻജിനീയറിംഗ് കോളേജുകൾ CAPE ന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി.
7) കൊച്ചി മെഡിക്കൽ കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നത്.
8) പരിയാരം മെഡിക്കൽ കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നെഫ്രോളജി ആന്റ് യൂറോളജിക്കൽ സയൻസ് സ്ഥാപിക്കുന്നത്.

സർക്കാർ ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കർഷകരുടെ ക്ഷേമത്തിനായി ശീതീകരിച്ച ഗോഡൗണുകൾ സഹകരണ സംഘങ്ങൾ നിർമ്മിക്കുക.
2. കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ റിട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും ഫാർമസി കോളേജും ആരംഭിക്കുക.
3. സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് മാരക രോഗം ബാധിച്ചവരുടെയും എൻഡോസൾ

ഫാൻ ദുരിത ബാധിതരുടെയും വികലാംഗരുടെയും 3 ലക്ഷം രൂപ വരെയുള്ള വായ്പകളിലെ പലിശ സർക്കാർ ഏറ്റെടുക്കുന്ന പദ്ധതി.

4. വരൾച്ച ബാധിത പ്രദേശങ്ങളിലെ കാർഷിക വായ്പകളിലെ മുതൽ ഒന്നായി തിരിച്ചടയ്ക്കുന്നവർക്ക് വായ്പകളിലെ പലിശ എഴുതി തള്ളുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.
5. സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾ കൺസ്യൂമർ ഫെഡ് വഴി വിതരണം ചെയ്യുക.
6. സ്വാശ്രയ ഗ്രൂപ്പുകളുടെയും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഗ്രൂപ്പുകളുടെ ഉൽപ്പന്നം വിറ്റൊഴിക്കുന്നതിനും വിപണന മേളകൾ സംഘടിപ്പിക്കുക.
7. കർഷക-ടൂറിസം പദ്ധതി, മാലിന്യ സംസ്കരണത്തിന് പലിശരഹിത വായ്പ നൽകി ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ നടപ്പിലാക്കുക.
8. സൗരോർജ്ജ സംവിധാനത്തിന് സഹകരണ സ്ഥാപനങ്ങൾ വഴി വായ്പയും സബ്സിഡിയും അനുവദിക്കുക.
9. കൂടുതൽ നന്മ, നീതി, ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുക.
10. 'കേപ്പി'ന്റെ 4 എൻജിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുക.
11. ആതുര സേവന മേഖലയിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ശുശ്രൂഷാ ഹൈടെക് ആരംഭിക്കുന്നതിന്റെ ഭാഗമായി 2 ജില്ലകളിൽ ലാബുകൾ ആരംഭിക്കുക.
12. സഹകരണ മേഖലയിലെ എസ്.സി/എസ്.റ്റി. സംഘങ്ങളെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ സഹായത്തോടെ പുനരുദ്ധരിക്കുന്നതിനും ഈ വിഭാഗത്തിലെ യുവജനങ്ങൾക്കും തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിനും ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഗവൺമെന്റ് അംഗീകരിച്ച കോഴ്സുകൾ ആരംഭിച്ച് പരിശീലനം ലഭ്യമാക്കുക.
13. സഹകരണ സംഘങ്ങളിലൂടെ മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുകയും മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുക.
14. ആധുനിക രീതിയിലുള്ള മിനറൽ വാട്ടർ പ്ലാന്റ് തൃശ്ശൂർ ജില്ലയിലെ ചേലക്കരയിൽ സ്ഥാപിക്കുക.

| | |
|---|---|
| ബി) സഹകരണ സംഘങ്ങൾ പ്രവർത്തന മൂലധനം വിനിയോഗിച്ച് ധാരാളം പുതിയ വ്യവസായ സംരംഭങ്ങളും കച്ചവട സ്ഥാപനങ്ങളും ആരംഭിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ആരംഭിക്കുന്ന സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ സംഘാംഗങ്ങളുടെ നിക്ഷേപത്തിന്റെ ഭാവിയെ ബാധിക്കുന്നുണ്ടോ എന്നും ഇത്തരം വ്യവസായങ്ങളും കച്ചവടങ്ങളും സഹകരണ നിയമത്തിന്റെ പരിധിയിൽപെടുന്നുണ്ടോ എന്നും പരിശോധിക്കാറുണ്ടോ; | (ബി) ഉണ്ട്. സംഘങ്ങൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുമ്പോൾ, ടി പദ്ധതിയുടെ പ്രവർത്തന സാദ്ധ്യത വിലയിരുത്താറുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളുടെ പ്രവർത്തനം ആഡിറ്റിൽ പരിശോധനാ വിധേയ മാക്കാറുമുണ്ട്.<br><br>സഹകരണ സ്ഥാപനങ്ങൾക്ക് അവരുടെ അംഗങ്ങളുടെ ക്ഷേമത്തിനായി സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്, 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) സഹകരണ സംഘങ്ങളുടെ കീഴിൽ നടത്തുന്ന ജനക്ഷേമ സംരംഭങ്ങൾക്ക് സഹകരണ വകുപ്പും സർക്കാരും നൽകുന്ന സഹായം വെളിപ്പെടുത്തുമോ? | (സി) സഹകരണ സംഘങ്ങളുടെ കീഴിൽ നടത്തുന്ന വിവിധ പദ്ധതികൾക്ക് വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ